പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6520 — 21/11/2019-ൽ മറുപടിക്ക്

**സ്കൂളുകളിലെ അദ്ധ്യാപക നിയമനം കാര്യക്ഷമമാക്കുന്നതിന് ഭേദഗതി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ: | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂളുകളിലെ അദ്ധ്യാപക നിയമനം കാര്യക്ഷമമാക്കുന്നതിന് കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തൊക്കെ ഭേദഗതികളാണ് കൊണ്ടുവരുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) 3-12-2016 ലെ ജി.ഒ (പി) നം.199/2016/ പൊവിവ പ്രകാരവും 28-2-2019 ലെ ജി.ഒ (പി) നം.3/2019/പൊവിവ പ്രകാരവും കെ.ഇ.ആറിൽ ഭേദഗതിവരുത്തിയിട്ടുണ്ട്. കൂടാതെ ഇത് സുഗമമാക്കുന്നതിന് വേണ്ടി 8-3-2019 ലെ സർക്കുലർ നം. ജെ2/57/2019/പൊവിവ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളുടെ ഏകീരണം യാഥാർത്ഥ്യമായ സാഹചര്യത്തിൽ ആവശ്യമായ ഭേദഗതികൾ കൊണ്ടുവരുന്ന കാര്യം പരിശോധിച്ച് വരുന്നു. |
| (ബി) സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടു കൂടി പ്രവർത്തിക്കുന്ന സ്വകാര്യ മേഖലയിലെ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകളിലെ അദ്ധ്യാപകർക്ക് അർഹമായ വേതനം ലഭിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇവർക്ക് അർഹമായ ശമ്പളം ലഭിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) ഉണ്ട്. സംസ്ഥാനത്തെ അംഗീകാരമുള്ള അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിന് അദ്ധ്യാപകർക്ക് മിനിമം വേതനം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഒരു പുതിയ നിയമ നിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ